പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2194 11.03. 2020 ൽ മറുപടിക്ക്

## ഇ-സെയ്ഫ് പദ്ധതി

ചോദ്യം

ശ്രീ.എ.എൻ.ഷംസീർ
" എസ്.രാജേന്ദ്രൻ
" രാജു എബ്രഹാം
പ്രൊഫ.കെ.യു.അരുണൻ

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ ഇ-സെയ്ഫ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ)കേരളം ഒരു വൈദ്യുതി അപകടരഹിത സംസ്ഥാനമാക്കി മാറ്റുവാൻ കെ.എസ്.ഇ.ബി.ലിമിറ്റഡും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ചേർന്ന് സംയുക്തമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് "ഇ സേഫ് " 'വൈദ്യുതി അപകട രഹിത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) പദ്ധതിയുടെ ഭാഗമായി വൈദ്യുത പ്രസരണ, വിതരണ മേഖലകളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്; | (ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ സ്പേസറുകളും സുരക്ഷാഗാർഡുകളും സ്ഥാപിക്കുന്നതിനായുള്ള പദ്ധതി 2020-21 സാമ്പത്തിക വർഷം വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസരണ വിതരണ മേഖലയിലെ മറ്റ് പദ്ധതികൾ ലൈസൻസികളാണ് നടപ്പിലാക്കുന്നത്. |
| (സി)വൈദ്യുത സുരക്ഷ സംബന്ധിച്ച് ആശാ വർക്കർമാർ, കുടുംബശ്രീ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയിലൂടെ ബോധവത്ക്കരണ ക്യാമ്പയിൻ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ജില്ലാ അടിസ്ഥാനത്തിൽ പ്രസ്തുത ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. |
| (ഡി) ഇലക്ട്രിക്കൽ ജോലികളിൽ ഏർപ്പെടുന്നവർക്ക് വൈദ്യുത അപകടങ്ങളിൽ നിന്നും രക്ഷനേടുന്നതിനുള്ള മുൻകരുതൽ നടപടികൾ സംബന്ധിച്ചും സുരക്ഷ സംബന്ധിച്ചും എന്തെല്ലാം പരിശീലനങ്ങളാണ് ഈ പദ്ധതി പ്രകാരം നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി)ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം പൊതുജനങ്ങൾക്കായി വൈദ്യുത സുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. പ്രസ്തുത പരിപാടിയിൽ വൈദ്യുത മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് ഹാൻഡ് ഓൺ ട്രെയിനിംഗ് നൽകുന്നു. കൂടാതെ പുതുതായി വയർമാൻ പരീക്ഷ പാസാകുന്നവർക്ക് ലൈസൻസ് നൽകുന്നതിനുമുമ്പായി ഒരു ദിവസത്തെ നിർബന്ധിത പരിശീലന പരിപാടിയും ആരംഭിച്ചിട്ടുണ്ട്. കൂടാതെ സൂപ്പർവൈസർ ലൈസൻസ് പുതുക്കി നൽകുന്നതിനായി അഞ്ച് ദിവസത്തെ നിർബന്ധിത പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതുണ്ടെന്ന നിബന്ധനയും നടപ്പിലാക്കാൻ ലൈസൻസിംഗ് ബോർഡ് യോഗം കൂടി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ